ജലസ്രോതസ്സുകളെ സംബന്ധിച്ച ധവളപത്രം

30 [187] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടാവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന് സെസ്സ് ചുമത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ ജല സ്രോതസ്സുകളെക്കുറിച്ചും കുടിവെള്ളവിതരണത്തെ കുറിച്ചും ജലസേചന പദ്ധതികളുടെ പ്രവർത്തനക്ഷമതയേയും അധിക ചെലവിനെ പറ്റിയും ജലവിനിയോഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ചും ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിൽ ഒരു ധവളപത്രം പുറപ്പെടുവിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

പ്രതിശീർഷ കുടിവെള്ള ലഭ്യത

31 [188] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രതിശീർഷ കുടിവെള്ള ലഭ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പെരുമാട്ടി, പുതുശ്ശേരി എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള കൊക്കകോള കമ്പനിയും, പെപ്സി കമ്പനിയും പ്രതിദിനം എത്ര ലക്ഷം ലിറ്റർ വെള്ളം ഉപയോഗിക്കുന്നുവെന്നും ഇതിൽ എത്രയാണ് ഭൂഗർഭ ജലത്തിന്റെ ഉപയോഗ മെന്നും വെളിപ്പെടുത്താമോ;

(സി) നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ പഠനവേഷണ പഠനമനുസരിച്ച് പ്രസ്തുത പ്രദേശത്തെ ഭൂഗർഭ ജലസമ്പത്ത് ഫാക്ടറികൾ സ്ഥാപിക്കുന്നതിന് മുമ്പ് എത്രയായിരുന്നെന്നും ഇപ്പോൾ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) കോള ഫാക്ടറിയുടെ അമിത ജലചൂഷണം മൂലം ചിറ്റൂർ താലൂക്കിലെ ഭൂഗർഭജലസ്രോതസ്സുകളടക്കമുള്ള ജല സ്രോതസ്സുകളുടെ നിലവാരം ഗുണത്തിലും അളവിലും മോശപ്പെട്ടിട്ടുണ്ടെന്ന നാട്ടുകാരുടെ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly